പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : **138**

09-03-2015 – ൽ മറുപടിയ്ക്ക്

## മത്സ്യങ്ങളുടെ വംശനാശം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ. കെ. അജിത്** | | **ശ്രീ. കെ. ബാബു**<br>**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി** |
| എ) | വളർച്ചയെത്താത്ത ചെറുമത്സ്യങ്ങളെ സംസ്ഥാനത്തുനിന്നും വൻതോതിൽ തമിഴ്നാട്ടിലേക്ക് കടത്തുന്നതായ റിപ്പോർട്ടുകളുടെ നിജസ്ഥിതി എന്തെന്ന് വെളിപ്പെടുത്തുമോ; | എ) | മത്സ്യത്തീറ്റയായും വളമായും ഉപയോഗിക്കുന്നതിനു വേണ്ടി കടലിലെ ചെറു മത്സ്യങ്ങളെ കയറ്റുമതി ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ട ഉടൻ തന്നെ അതിനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കാൻ എല്ലാ ഫിഷറീസ് സ്റ്റേഷൻ അസിസ്റ്റന്റ് ഡയറക്ടർമാർക്കും മറൈൻ എൻഫോഴ്സ്മെന്റിനും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരമുള്ള മത്സ്യബന്ധന രീതി ശ്രദ്ധയിൽപ്പെട്ടാൽ യാനം ഇംപൗണ്ട് ചെയ്ത് പിഴ ഈടാക്കി ശിക്ഷണ നടപടികൾ സ്വീകരിച്ചു വരുന്നു ണ്ട്. |
| ബി) | ഇത് മത്സ്യങ്ങളുടെ വംശനാശത്തിനും മത്സ്യസമ്പത്ത് വൻതോതിൽ കുറയുവാനും ഇടയാക്കും എന്ന വസ്തുത കണക്കിലെടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ; | ബി | വളത്തിനായും മറ്റും ചെറു മത്സ്യങ്ങളെ പിടിക്കുന്നത് മത്സ്യ സമ്പത്ത് വൻതോതിൽ കുറയുന്നതിനിടയാക്കും. അതിനാൽ ഇത്തരത്തിലുള്ള മത്സ്യബന്ധനം തടയുന്നതിനായി കേരളത്തിലുള്ള 5 ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥരും മറൈൻ എൻഫോഴ്സ്മെന്റ് വിംഗും പട്രോളിംഗ് നടത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി) | ഇത്തരത്തിൽ ചെറുമത്സ്യങ്ങളെയും മറ്റും പിടിച്ചാൽ തിരികെ ജലാശയത്തിലേക്ക് തന്നെ തിരികെ അയയ്ക്കണം എന്നതിന് കർശന നിയമവ്യവസ്ഥ നിലവിലുണ്ടോ എന്നും എങ്കിൽ ഇതു സംബന്ധിച്ച് ഏതെങ്കിലും കേസുകൾ | സി) | കെ.എം.എഫ്.ആർ ആക്ട് സെക്ഷൻ 4 അനുസരിച്ച് കേരള തീരക്കടലിൽ മത്സ്യസമ്പത്തിന്റെ സംരക്ഷണം ഉറപ്പു വരുത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടു ണ്ട്. ഈ സാമ്പത്തിക വർഷം ചെറു മത്സ്യങ്ങളെ പിടിച്ച 11 ബോട്ടുകൾ ഇംപൗണ്ട് ചെയ്ത് പിഴ |

| | | | |
|---|---|---|---|
| | സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ; | | ഊടാക്കിയിട്ടു ണ്ട്. |
| ഡി) | ചെറുമത്സ്യങ്ങൾ വലയിൽ അകപ്പെട്ടാൽ തിരികെ അയയ്ക്കാത്തവർക്കെതിരെ കർശന ശിക്ഷ ഉറപ്പുവരുത്തുന്നതിന് നിയമത്തിൽ വകുപ്പുകൾ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ; | ഡി) | ചെറു മത്സ്യങ്ങളെ പിടിക്കുന്നതും കടത്തുന്നതും ക്രയവിക്രയം നടത്തുന്നത് തടയുന്നതിനും നിരോധിക്കുന്നതിനും അപ്രകാരം പ്രവർത്തിക്കുന്ന തിന് പെനാൽറ്റി ചുമത്തുന്നതിനും കെ.എം.എഫ്.ആർ. ആക്ട് 4-ാം വകുപ്പ് അനുസരിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| ഇ) | മത്സ്യബന്ധനം നടത്തിവരുന്ന ബോട്ടുകളെ പരിശോധനകൾക്ക് വിധേയമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ? | ഇ) | ഫിഷറീസ് വകുപ്പിനു കീഴിലുള്ള 5 ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥരും മറൈൻ എൻഫോഴ്സ്മെന്റ് വിംഗും ചേർന്ന് കടൽ പട്രോളിംഗ് നടത്തി കെ.എം.എഫ്.ആർ. ആക്ടിന് വിരുദ്ധമായി മത്സ്യബന്ധനം നടത്തുന്ന യാനങ്ങളെ ഇംപൗണ്ട് ചെയ്ത് ശിക്ഷണ നടപടികൾ നടപ്പാക്കി വരുന്ന പ്രവൃത്തി കാലാകാലങ്ങളിലായി ചെയ്തു വരുന്നു ണ്ട്. |

Jayan

**സെക്ഷൻ ഓഫീസർ**